ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ) കുട്ടംകുട്ടമായി ആളുകളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജൂലായ് 2000-ത്തിനും നവംബർ 2000-ത്തിനും ഇടയിൽ പത്തനംതിട്ട ജില്ലയിലെ കുളനട പഞ്ചായത്തിലും ആലപ്പുഴ ജില്ലയിലെ മുളക്കുഴൽ പഞ്ചായത്തിലുമാണ് ഹെപ്പറ്റൈറ്റിസ്-ബി രോഗബാധയുണ്ടായത്. ജനുവരി 2000-ൽ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം പഞ്ചായത്തിൽ പനയത്തേരിയിൽ ഹെപ്പറ്റൈറ്റിസ്-എ രോഗബാധയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കുളക്കട പഞ്ചായത്തിൽ 12-ഉം തിരുവനന്തപുരം ജില്ലയിലെ പനത്തേരിയിൽ 8-ഉം ആണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) പത്തനംതിട്ട ജില്ലയിലെ മുളനട പഞ്ചായത്തിൽ 2000 ജൂലായ് മുതൽ നവംബർ 2000 വരെ 12 പേരെയും തിരുവനന്തപുരം ജില്ലയിലെ പനയത്തേരിയിൽ 8 പേരെയുമാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

(ഡി) എല്ലാപേരും രോഗവിമുക്തരായിട്ടുണ്ട്.

(ഇ) മുളക്കുഴ പഞ്ചായത്തിൽ ആലപ്പുഴ ജില്ലയിലെ ആരോഗ്യ വകുപ്പിലെ വിദഗ്ധ സംഘവും കുളനട പഞ്ചായത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും നിയോഗിച്ച വിദഗ്ധ സംഘവും ആവശ്യമായ അന്വേഷണങ്ങളും പഠനങ്ങളും നടത്തി. തിരുവനന്തപുരം ജില്ലയിലെ പനയത്തേരിയിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നുള്ള സംഘവും ആരോഗ്യ വകുപ്പിലെ വിദഗ്ധ സംഘവും രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ വിദഗ്ധരും ചേർന്ന് അന്വേഷണങ്ങളും പഠനങ്ങളും നടത്തുകയുണ്ടായി. കുളനടയിലും മുളക്കുഴയിലും ഹെപ്പറ്റൈറ്റിസ് രോഗബാധരായിരുന്നുവെന്ന് തെളിഞ്ഞു. ഹെപ്പറ്റൈറ്റിസ്-ബി പടരുന്നതിനുള്ള കാരണങ്ങൾ ആവർത്തിച്ച് ഉപയോഗിക്കുന്ന സിറിഞ്ചുകളായിരുന്നുവെന്ന് സംശയിക്കുന്നു. ഹെപ്പറ്റൈറ്റിസ്-എ ജലമലിനീകരണം മൂലമാണെന്ന് പഠനം വെളിപ്പെടുത്തി.

(എഫ്) ജനങ്ങളുടെ ബോധവൽക്കരണം, സിറിഞ്ചുകളുടെ ആവർത്തിച്ചുള്ള ഉപയോഗം തടയൽ, ജലസ്രോതസ്സുകളിൽ (കിണറുകൾ) ക്ലോറിനേഷൻ, ആരോഗ്യ പ്രവർത്തകരുടെ അലർട്ട്നസ് എന്നിവ വഴിയാണ് ഇത് കൂടുതൽ വ്യാപിക്കാതിരിക്കാൻ നടപടി എടുത്തത്.

മിനറൽ വാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ

29 (*177) ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി മിനറൽവാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഗവൺമെന്റ് അംഗീകാരത്തോടെയാണോ പ്രവർത്തിക്കുന്നത്;

LIBRARY-ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടോ ;

(സി) ഇത്തരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ ;

(ഇ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽവാട്ടറിൽ മാലിന്യങ്ങൾ ഉണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അനധികൃതമായി ഉൽപ്പാദനം നടത്തി വിതരണം ചെയ്യുന്നവർക്ക് എതിരെ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) മിനറൽവാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. ആരോഗ്യവകുപ്പ് ഇത്തരം സ്ഥാപനങ്ങൾക്ക് അനുമതിയോ ലൈസൻസോ നൽകുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഇതിനുള്ള അധികാരം നൽകിയിട്ടുള്ളത്.

(സി & ഡി) മായംചേർക്കൽ നിരോധനനിയമം നടപ്പിലാക്കാൻവേണ്ടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് അനലറ്റിക്കൽ ലബോറട്ടറികളിൽ ഇതിനുള്ള സംവിധാനം ഉണ്ട്. 1954-ലെ മായം ചേർക്കൽ നിരോധന നിയമം അനുബന്ധം 32-ൽ മിനറൽ വാട്ടറിൽ അടങ്ങിയിരിക്കേണ്ട ഘടകങ്ങളുടെ പരിധി വ്യക്തമാക്കിയിട്ടുണ്ട്. മിനറൽ വാട്ടറിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) മിനറൽ വാട്ടറിൽ മാലിന്യങ്ങൾ ഉള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനുള്ള നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അംഗീകാരത്തോടും അല്ലാതെയും ഉല്പാദനം നടത്തി മോശമായ മിനറൽവാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംവിധാനം

30 (*178) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം ആരംഭിച്ചതു മുതൽ ഗ്രാമപഞ്ചായത്തുകൾ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ഉൾക്കൊള്ളുന്ന ജില്ലാ പഞ്ചായത്തുകൾ, ഒരു ജില്ലയിലുള്ള നഗരസഭകൾ, ജില്ലകൾ ഉൾക്കൊള്ളുന്ന സംസ്ഥാനം എന്നീ ഓരോ തലത്തിലും നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് വെവ്വേറെ മാർഗ്ഗ ദർശനം നൽകുന്നതിനും ഓരോ തലത്തിലും ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുണ്ടായിരുന്നതെന്ന് പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly